മായ ആനുകൂല്യം തോട്ടം മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ?

ശ്രീ. പാലോളി മുഹമ്മദ്കുട്ടി : ഓടുനിർമ്മാണമേഖലയിലെ തൊഴിലാളികൾക്കും ദിനേശ്ബീഡി തൊഴിലാളികളെ സംബന്ധിച്ചുമുള്ള മുഖ്യമായിട്ടുള്ള പ്രശ്നം ബോണസിന്റെ തുക കൂടി വരുമാനത്തിന്റെ കൂട്ടത്തിൽ കൂട്ടുമ്പോൾ വാസ്തവത്തിൽ വലിയ തോതിലുള്ള സ്ലാബിലേക്ക് നികുതി നൽകേണ്ടവരുടെ കൂട്ടത്തിൽ അവർ പെട്ടുപോവുകയാണ് ചെയ്യുന്നത്. അതിന്റെ ഫലമായി അവർക്ക് നികുതികൊടുക്കേണ്ടിവരുന്ന സാഹചര്യമുണ്ടാകുന്നുണ്ട്. ഇതിലുൾപ്പെട്ട ഒരു കാര്യമാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച തോട്ടംതൊഴിലാളികളുടെ പ്രശ്നവും. എന്തായാലും ഇക്കാര്യം ഗൗരവമായിട്ട് പരിശോധിച്ച് ആവശ്യമായിട്ടുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

2 (*258) കയർ സഹകരണ സംഘങ്ങളിലെ യന്ത്രവൽക്കരണം

ശ്രീ എ.കെ. മണി :
ശ്രീ. കെ. ബാബു :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. എഴുകോൺ നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കയർ സഹകരണസംഘങ്ങളിൽ യന്ത്രവൽക്കരണം നടത്തിയിട്ടുണ്ട്;

(ബി) ഏതുവിധത്തിലുള്ള യന്ത്രവൽക്കരണമാണ് ഇപ്പോൾ നടത്തിവരുന്നത്;

(സി) കയർ സഹകരണ സംഘങ്ങളിൽ എത്ര യന്ത്രവൽകൃത റാട്ട് പ്രവർത്തിച്ചുവരുന്നു;

(ഡി) കൂടുതൽ സംഘങ്ങൾക്ക് ഇതിനുവേണ്ട സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) യന്ത്രവൽക്കരണത്തിന് എന്തെല്ലാം സഹായങ്ങളാണ് കൊടുത്തുവരുന്നതെന്ന് അറിയിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ : സർ,

(എ) 125 കയർപിരി സംഘങ്ങളിലും 58 ചകിരി നിർമ്മാണ സഹകരണസംഘങ്ങളിലും യന്ത്രവൽകൃത യൂണിറ്റുകൾ സ്ഥാപിക്കുന്നതിനാണ് ധനസഹായം നൽകിയിട്ടുള്ളത്. ഇതിൽ 72 കയർപിരി യൂണിറ്റുകളും 17 ചകിരി നിർമ്മാണ യൂണിറ്റുകളും സ്ഥാപിച്ച് ഉല്പാദനം ആരംഭിച്ചുകഴിഞ്ഞു. ബാക്കി യൂണിറ്റുകൾ വിവിധ നിർമ്മാണഘട്ടങ്ങളിലാണ്.

(ബി) കയർപിരി മേഖലയിലും ചകിരിനിർമ്മാണ മേഖലയിലുമാണ് ഇപ്പോൾ യന്ത്രവൽക്കരണം നടത്തിവരുന്നത്. ചകിരി നിർമ്മാണമേഖലയിൽ പച്ചതൊണ്ടിൽനിന്നും ചകിരി നിർമ്മിക്കുന്ന യന്ത്രവൽകൃത യൂണിറ്റുകളാണ് സ്ഥാപിക്കുന്നത്.

(സി) 2870 റാട്ടുകൾ

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇപ്പോഴില്ല.

(ഇ) മോട്ടോറൈസ്ഡ് കയർപിരി യൂണിറ്റുകളും ചകിരിനിർമ്മാണ യൂണിറ്റുകളും സ്ഥാപിക്കുന്നതിനാണ് സാമ്പത്തികസഹായം അനുവദിക്കുന്നത്. ഒരു യൂണിറ്റ് സ്ഥാപിക്കുന്നതിനുവേണ്ട മുതൽമുടക്കിന്റെ 50 ശതമാനം തുക വായ്പയായും 45% തുക സബ്സിഡിയായുമാണ് അനുവദിക്കുന്നത്. 5% തുക ഓഹരിയായി സ്വരൂപിക്കണം.

<u>ശ്രീ. എ.കെ. മണി</u> : സർ, സ്വകാര്യമേഖലയിൽ വൻകിട ഫാക്ടറികളിലൊക്കെ യന്ത്രവൽക്കരണം നടത്തിയിട്ടുണ്ട്. എന്നാൽ ഈ സാഹചര്യത്തിൽ സഹകരണസംഘങ്ങൾ നടത്തുന്ന കയർഫാക്ടറികളിൽ യന്ത്രവൽക്കരണം നടത്താൻ ഗവൺമെന്റ് വേണ്ട നടപടികളെടുക്കുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : ഇപ്പോൾ മെമ്പർ ചോദിച്ച ചോദ്യമെന്താണെന്ന് മനസ്സിലായില്ല, അതുകൊണ്ട് ഒന്നുകൂടി ചോദിക്കണം.

<u>ശ്രീ. എ.കെ. മണി</u> : സ്വകാര്യ വൻകിടമേഖലയിലെ കയർഫാക്ടറികളിൽ യന്ത്രവൽക്കരണം നടത്തിയിട്ടുണ്ട്. സഹകരണമേഖലയിലും യന്ത്രവൽക്കരണം നടത്താനായി ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : സഹകരണമേഖലയിലും കയർഫാക്ടറികൾ ഇന്ന് പ്രവർത്തിക്കുന്നുണ്ട്. യന്ത്രവൽകൃതയൂണിറ്റുകൾ സ്ഥാപിക്കുന്നതിന് വളരെ പരിമിതമായ വിധത്തിലുള്ള പ്രവർത്തനങ്ങൾ മാത്രമേ നടക്കുന്നുള്ളൂ. സ്വകാര്യമേഖലയിൽ ചില സ്ഥലത്ത് സെമി-മെക്കനൈസ്ഡ് യൂണിറ്റ്സ് ഇന്ന് പ്രവർത്തിക്കുന്നുണ്ട്.

<u>ശ്രീ. എ.കെ. മണി</u> : മോഡേൺ റാട്ടുകൾ വാങ്ങിച്ചതിൽ അഴിമതി നടന്നിട്ടുണ്ടെന്ന് ആരോപണമുണ്ടിയിട്ടുണ്ട്. പുതുതായി യന്ത്രങ്ങൾ വാങ്ങിച്ചതിൽ ധാരാളം ആരോപണങ്ങളും ആക്ഷേപങ്ങളുമുണ്ട്. ആ ആരോപണങ്ങൾ പരിഹരിക്കുവാൻവേണ്ടി കയർ ബോർഡോ അല്ലെങ്കിൽ കയർ പ്രോജക്ട് ഓഫീസറോ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം യന്ത്രവൽകൃത റാട്ടുകളൊന്നുംതന്നെ വാങ്ങിയിട്ടില്ല. പുതുതായ യൂണിറ്റുകളാണ് തുടങ്ങാൻ പോകുന്നത്. അതുതന്നെ പ്രത്യേകിച്ചും അതിന്റെ പ്രത്യേകതകൊണ്ട് ഭൂരിപക്ഷം റാട്ടുകളും പ്രവർത്തിക്കാൻ കഴിയാത്ത രീതിയിലാണ്. അതിനെല്ലാം പുതിയതായി ഒരു സ്ക്കീമുണ്ടാക്കി 50,000/- രൂപ വച്ചുകൊടുത്ത് അവയെല്ലാം പുതുക്കിയെടുക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്തുവരികയാണ്. ഇക്കാര്യത്തിൽ യാതൊരു വിധ അഴിമതി ആരോപണങ്ങളും ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല.

<u>ശ്രീ. കെ. ബാബു</u> : നമ്മുടെ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന നാളികേരത്തിന്റെ പകുതി തൊണ്ടുപോലും ഇവിടെ ഉപയോഗിക്കുന്നില്ല. മറ്റു സംസ്ഥാനങ്ങളിൽനിന്നും തൊണ്ട് കൊണ്ടുവന്നാണ് ഇവിടെ ഉപയോഗിക്കുന്നത്. അതിന്റെ 85% ആണ് സബ്സിഡി. ഉപയോഗിക്കുന്ന തൊണ്ടിനാണ് സബ്സിഡി കൊടുക്കുന്നത്. ഈ സബ്സിഡിയിൽ ബഹുഭൂരിപക്ഷം സംഘങ്ങൾക്കും ലഭിക്കുന്നില്ല. അതുകൊണ്ട് സബ്സിഡി നൽകുന്നതിന് വച്ചിട്ടുള്ള 85% എന്നുള്ളത് ഒരു 75% ശതമാനമായിട്ട് കുറയ്ക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : സംഘങ്ങൾക്ക് സബ്സിഡി കൊടുക്കുന്നില്ല എന്നുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സബ്സിഡി

LIBRARY ARCHIVES Kerala Legislative Assembly

ഓരോന്നിന്റെയും അടിസ്ഥാനത്തിൽ കിട്ടുന്ന അതിന്റെ റിപ്പോർട്ട് അനുസരിച്ച് സബ്സിഡി കൊടുത്തുവരികയാണ്. ഇപ്പോൾ തൽക്കാലം ഇക്കാര്യത്തിൽ ഒരു പുതിയ രീതിയിൽ ചെയ്ത് ആകെ ഒന്നു പുനഃസംഘടിപ്പിക്കണമെന്ന ആലോചനയുണ്ട്. എങ്ങനെയാണ് കയറിന് ന്യായമായിട്ടുള്ള വില കോസ്റ്റ് ഓഫ് പ്രൊഡക്ഷൻ അനുസരിച്ച് കൊടുക്കാൻവേണ്ടി എന്തെങ്കിലും സ്കീം ഉണ്ടാക്കാൻ കഴിയുമോയെന്ന് ആലോചിക്കുന്നുണ്ട്. ഇപ്പോൾ ഇക്കാര്യത്തിൽ മാറ്റമൊന്നും വരുത്താനുദ്ദേശിക്കുന്നില്ല.

<u>ശ്രീ. കെ. ബാബു</u> : വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി സ്ലൈവർ എന്ന പുതിയ ഉല്പന്നം ഉൾപ്പെടെ പുതിയ ഉല്പന്നങ്ങളുടെ ഉല്പാദന നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : സ്ലൈവറിന്റെ എല്ലാം ഐഡിയാസ് വന്നിട്ടുണ്ടെങ്കിലും ഇത് പൂർണ്ണരൂപത്തിൽ എത്താൻ കഴിഞ്ഞിട്ടില്ല. ഇപ്പോഴും റാട്ട് നന്നാക്കിത്തീർക്കുന്നതിന് റാട്ടും അതുപോലെതന്നെ തൊണ്ടടിയന്ത്രവും നന്നാക്കിത്തീർക്കുന്നതിനുള്ള പല പ്രോജക്ടുകളും ആസൂത്രണം ചെയ്ത് നിരവധിസ്ഥാപനങ്ങൾ ഇതു സംബന്ധിച്ചുള്ള റിസേർച്ച് നടത്തികൊണ്ടിരിക്കുകയാണ്. അത് പൂർണ്ണപ്രാപ്തിയിലെത്തിയിട്ടില്ല. ഈ അടുത്തകാലത്തായിട്ട് ഒരു സ്വകാര്യവ്യക്തി തൊണ്ടടിക്കുന്നതിനായുള്ള ഒരു യന്ത്രത്തിന് രൂപകല്പന ചെയ്തിട്ടുണ്ട്. അത് പരിശോധിച്ചുവരികയാണ്.

<u>ശ്രീ. എഴുകോൺ നാരായണൻ</u> : സർ, നമ്മുടെ സംസ്ഥാനത്ത് എത്ര സംഘങ്ങൾക്ക് തൊണ്ടുതല്ലുവാനുള്ള യന്ത്രങ്ങൾ സ്വന്തമായിട്ട് ഉണ്ടെന്നു വ്യക്തമാക്കുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : പ്രത്യേക ചോദ്യമായിട്ട് ചോദിച്ചാലേ അതിനുള്ള ഉത്തരം പറയാൻ കഴിയൂ.

<u>മി. സ്പീക്കർ</u> : അതിന് പ്രത്യേക നോട്ടീസ് വേണം.

<u>ശ്രീ. എഴുകോൺ നാരായണൻ</u> : കയർ മേഖലയിൽ യന്ത്രവൽക്കരണംമൂലം തൊഴിലില്ലാതായവർക്ക് മറ്റെന്തെങ്കിലും തൊഴിൽ നൽകാൻ ഗവൺമെന്റിന് പരിപാടിയുണ്ടോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : യന്ത്രവൽക്കരണംമൂലം ഈ മേഖലയിൽ ആർക്കും തൊഴിൽ നഷ്ടപ്പെട്ടതായി വിവരമൊന്നും ഗവൺമെന്റിന് കിട്ടിയിട്ടില്ല. യന്ത്രവൽക്കരണംമൂലം തൊഴിൽ നഷ്ടപ്പെട്ടതായി ഇതുവരെ വിവരമൊന്നും ലഭിച്ചിട്ടില്ല. അത് പ്രത്യേകിച്ചും വളരെ പ്രോഡക്റ്റിവിറ്റിയുള്ള തല്ല. യന്ത്രവൽക്കരണംമൂലം ആ മേഖലയെ കൂടുതൽ നന്നാക്കുന്നതിനുള്ള പരിശ്രമമാണ് നടത്തുന്നത്.

<u>ശ്രീ. യു.എസ്. ശശി</u> : കയർ സഹകരണ സംഘങ്ങളിൽ യന്ത്രവൽക്കരണം നടപ്പാക്കിവരികയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. യന്ത്രവൽക്കരണംകൊണ്ട് തൊഴിലാളികളുടെ ജോലിഭാരം കുറയുന്നതോടൊപ്പം തൊഴിലാളികളുടെ വരുമാനത്തിൽ എന്തെങ്കിലും മാറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : യന്ത്രവൽക്കൃത റാട്ടുകൾ എന്നു പറഞ്ഞ് നമ്മൾ ഇപ്പോൾ ഇൻട്രൊഡ്യൂസ് ചെയ്തിരിക്കുന്ന റാട്ടുകളുടെ പ്രവർത്തനക്ഷമത അത്രയധികം തൃപ്തികരമല്ല. അത് നന്നാക്കുന്നതിനുള്ള പരിശ്രമങ്ങൾ കയർ ബോർഡും അതുപോലെ കേരളാ ഗവൺമെന്റും വിവിധ തരത്തിൽ നടത്തിക്കൊണ്ടിരിക്കുകയാണ്. എന്നാൽ അതിൽ പ്രൊഡക്റ്റിവിറ്റി

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ഇന്നത്തെ റാട്ടുമായിട്ട് തുല്യനിലയിലാണ് അത് നിൽക്കുന്നതെന്നാണ് കണ്ടെത്തിയിട്ടുള്ളത്. മാറ്റം വരുത്താനുള്ള പരിശ്രമമാണ് നടത്തുന്നത്.

3 (*259) വൃദ്ധജനങ്ങളുടെ സംരക്ഷണം

ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. പി.ജെ. ഫ്രാൻസീസ് :
ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബ സംരക്ഷണം ലഭിക്കാത്ത വൃദ്ധരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രോഗികളും അശരണരുമായ അത്തരക്കാരെ സംരക്ഷിക്കുന്നതിന് പദ്ധതികളെന്തെങ്കിലും ആവിഷ്ക്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) വാർദ്ധക്യം ബാധിച്ചവരുടെ സംരക്ഷണകാര്യത്തിൽ നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) വൃദ്ധസദനങ്ങളെന്നപേരിൽ സമ്പന്നരെ മാത്രം ഉദ്ദേശിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനും ആ മേഖലയിലെ ചൂഷണം അവസാനിപ്പിക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) സംസ്ഥാനത്തെ വൃദ്ധജനങ്ങളുടെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനും സ്ഥിതി വിവരം ശേഖരിക്കുന്നതിനും അവരെ സംരക്ഷിക്കുന്നതിനുമുള്ള പദ്ധതി തയാറാക്കുന്നതിന് സംവിധാനം ഏർപ്പെടുത്താൻ തയാറാകുമോ എന്ന് അറിയിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ): സർ,

(എ) അഗതികളായ വൃദ്ധജനങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)&(സി) സാധു വൃദ്ധജനങ്ങളുടെ പുനരധിവാസം, പരിപാലനം, സംരക്ഷണം എന്നിവയ്ക്കായി സംസ്ഥാനത്ത് പത്തനംതിട്ട ജില്ല ഒഴികെ മറ്റു പതിമൂന്ന് ജില്ലകളിലും സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ വൃദ്ധസദനങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമേ സന്നദ്ധസംഘടനകൾ നടത്തുന്ന 82 അംഗീകൃത വൃദ്ധസദനങ്ങളിലെ 4920 അന്തേവാസികളുടെ സംരക്ഷണത്തിന് പ്രതിമാസം 100 രൂപ നിരക്കിൽ സർക്കാർ ഗ്രാന്റ് നൽകുന്നുണ്ട്.

(ഡി) തൽക്കാലം പരിഗണനയിലില്ല.

(ഇ) ഇതിനെ സംബന്ധിച്ച പരാതികൾ സർക്കാരിന് ലഭിച്ചിട്ടില്ല.

(എഫ്) സർക്കാർ നേരിട്ട് നടത്തുന്ന വൃദ്ധസദനങ്ങളുടെ പ്രവർത്തനത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകുന്നതിന് തിരുവനന്തപുരത്തുള്ള കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ഐ.എം.ജി. യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വൃദ്ധ

LIBRARY ARCHIVES Kerala Legislative Assembly